LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പ്രവർത്തകർ പ്രതികളായ കേസ്സുകൾ

49 [50] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ യു. ഡി. എഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ഇതേ കാലയളവിൽ എൻ. ഡി. എഫ് പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ഡി) നാദാപുരം സംഭവവുമായി ബന്ധപ്പെട്ട ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകൾ പിൻവലിച്ചു; എത്ര കേസ്സുകൾ ഇനിയും പിൻവലിക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി, & ഡി) വിവരം ശേഖരിച്ചു വരുന്നു.

കമ്മ്യൂണിറ്റി പോലീസിംഗിന്റെ നിയന്ത്രണം

50 [51] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, അടൂർ പ്രകാശ്:
,, കെ. സി. ജോസഫ്:
,, വി. ഡി. സതീശൻ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി പോലീസിംഗിന്റെ നിയന്ത്രണം ആരിൽ നിക്ഷിപ്തമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രഗത്ഭരായ അനുദ്യോഗസ്ഥൻമാർ അടങ്ങിയ ഒരു സമിതിക്ക് ഇതിന്റെ നിയന്ത്രണവും നടത്തിപ്പും നൽകുവാൻ ഉദ്ദേശമുണ്ടോ;

(സി) അനുദ്യോഗസ്ഥൻമാർക്ക് ഇത് സംബന്ധിച്ച ഉത്തരവാദിത്വങ്ങൾ നൽകേണ്ടത് ഇത്തരം സമ്പ്രദായത്തിന്റെ വിജയത്തിന് അനുപേക്ഷണീയമാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ, ബി, സി, & ഡി) കമ്മ്യൂണിറ്റി പോലീസിംഗിനെ കുറിച്ച് പഠിക്കാൻ പോലീസ് ഇൻസ്പെക്ടർ ജനറൽ (ഹെഡ് ക്വാർട്ടേഴ്സ്) ചെയർമാനും, കണ്ണൂർ, തൃശൂർ, ഡി. ഐ. ജി.-മാരും, കണ്ണൂർ, പാലക്കാട്, കൊല്ലം, കൊച്ചി എസ്. പി.-മാരും അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്നതനുസരിച്ച് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

51 [52] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ അംഗബലം കുറവാണെന്ന് ഏതെങ്കിലും ശാസ്ത്രീയ പഠനത്തിൽ വ്യക്തമായിട്ടുണ്ടോ;

(ബി) അംഗബലം കൂട്ടുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന പോലീസിൽ ഓഫീസർമാരുടേയും പോലീസുകാരുടേയും അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പോലീസ് സേനയുടെ അംഗബലം കുറവാണെന്ന വിവരം ശാസ്ത്രീയ പഠനത്തിലൊന്നും വ്യക്തമായിട്ടില്ല. എന്നാൽ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ പോലീസ് സേനയുടെ അംഗബലം കൂട്ടുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ XII-ാം ധനകാര്യ കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly